ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള അറപീടികയിലെ ഖാദി നെയ്ത്ത് തൊഴിലാളികൾ

44(1519) ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി അറപീടികയിലുള്ള ഖാദി നെയ്ത്ത് നൂല് കേന്ദ്രത്തിൽ എത്ര തൊഴിലാളികൾ പ്രവർത്തിച്ചുവരുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്ര പേർ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) 2005-2006 സാമ്പത്തിക വർഷത്തിൽ എത്ര പേർ ക്ഷേനിധിയിൽ നിന്നും സഹായധനത്തിന് അപേക്ഷിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 118 പേർ.

(ബി) 93 പേർ ക്ഷേമനിധിയിൽ അംഗങ്ങളാണ്.

(സി) ക്ഷേമനിധിയിൽ നിന്നുള്ള വിവാഹ ധനസഹായം, രോഗ ചികിത്സാ സഹായം, ശവസംസ്കാര ചടങ്ങിനും അക്കൗണ്ട് അവസാനപ്പിക്കുമ്പോഴും നൽകുന്ന ആനുകൂല്യം എന്നിവയ്ക്കായി ബാലുശ്ശേരി കേന്ദ്രത്തിലെ 22 പേർ അപേക്ഷിച്ചിരുന്നു. 22 പേർക്കും സഹായധനം അനുവദിച്ചിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

45(1521) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ഏത് ഘട്ടം വരെയായി;

(ബി) രജിസ്ട്രേഷൻ വകുപ്പിലെ വിവരങ്ങളടങ്ങിയ സമ്പൂർണ്ണ വെബ്സൈറ്റ് സജ്ജമാക്കുന്നതിന് ഉദ്ദേശമുണ്ടോ;

(സി) കമ്പ്യൂട്ടർവൽക്കരണത്തിലൂടെ പൊതുജനത്തിന് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും വിവരങ്ങൾ ശേഖരിക്കുവാനും ഡോക്കുമെന്റുകൾ ശേഖരിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly